**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2361** 08/05/2017 -ൽ മറുപടിയ്ക്ക്

# സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ പുകയില ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പുകയില ഉപയോഗം വ്യാപകമാകുന്നതായി കണ്ണൂർ മെഡിക്കൽ കോളേജ്, റീജനൽ ക്യാൻസർ സെന്റർ എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (ബി) സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും, എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.<br>ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൗമാരക്കാരുടെ ശാക്തീകരണത്തിനായി കൗൺസിലിംഗും ആരോഗ്യ പരിപാലനവും നടപ്പിലാക്കുന്നതിനായി നടത്തിവരുന്ന സൗഹൃദ ക്ലബ്ബുകളുടെ 2016-17 അദ്ധ്യയനവർഷത്തെ പരിശീലനങ്ങളിൽ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ ഇന്ത്യൻ ഡെന്റൽ അസ്സോസ്സിയേഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽ നിന്നും മയക്കുമരുന്നിൽ നിന്നും കുട്ടികളെ മോചിപ്പിക്കുന്നതിലേക്ക് 'മുക്തി' എന്ന പേരിൽ ബോധവൽക്കരണവും ട്രെയി |

നിംഗം നൽകുന്നുണ്ട്. 2010 സെപ്റ്റംബറിൽ കുട്ടികളിലെ കുറ്റവാസനയും, ലഹരി ഉപയോഗവും ഇല്ലാതാക്കുന്നതിലേക്ക് 'ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഈ പദ്ധതി പ്രവർത്തിച്ചു വരുന്നു. പാൻമസാല, പുകയില തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും, ഇവയുടെ നിരോധനം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരങ്ങളിലും ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പുകയില അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ഇത്തരം ദുശ്ശീലങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(സി) സ്വീകരിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾ ലഹരിക്ക് അടിമകളാകുന്നതിന് തടയുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് മദ്യം, മയക്കുമരുന്ന് എന്നിവ കൈമാറുന്നവർക്കെതിരെ ജെ.ജെ ആക്ട്, കെ.പി. ആക്ട് എന്നിവ പ്രകാരവും നിയമനടപടികൾ സ്വീകരിക്കുവാൻ സ്കൂളധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ 2 വിദ്യാർത്ഥികളെ വീതം പങ്കെടുപ്പിച്ചുകൊണ്ടുള്ള 3 ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിൽ ലഹരിവസ്തുക്കളുടെ അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിയിരുന്നു. ഓരോ സ്കൂളിലെയും സൗഹൃദ കോ ഓർഡിനേറ്റർമാരെ (അദ്ധ്യാപകർ) പങ്കെടുപ്പിച്ചുകൊണ്ട് ഓരോ വിദ്യാഭ്യാസ ജില്ലയിലും

നടത്തിയ റിഫ്രഷർ ട്രെയിനിംഗ് പ്രോഗ്രാമിന്റെ മുഖ്യ ഇനം ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ എങ്ങനെ പിന്തി രിപ്പിക്കാം എന്നതായിരുന്നു. ഈ വിഷയത്തിൽ NIMHANS ൽ നിന്നും ട്രെയിനിംഗ് ലഭിച്ച ഇന്ത്യൻ ഡെന്റൽ അസ്സോസ്സിയേഷനിലെ ഡോക്ടർമാരും എക്സൈസ് വകുപ്പിൽ നിന്നുള്ള അസി സ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെ യുള്ളവരും ക്ലാസെടുത്തിരുന്നു.

(ഡി) എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ അവബോധം നൽകുന്നതിനായി ക്ലബ്ബു കൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

(ഡി) സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബു കൾ രൂപീകരിക്കുകയും പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. എല്ലാ ഹയർ സെക്കണ്ടറി- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുവാൻ പ്രിൻസി പ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ